ശ്രീ. ടി. കെ. രാമകൃഷ്ണൻ : ലേബർ ആഫീസറന്മാരുടെ മുമ്പിൽ പരാതി കൊടുത്താൽ ചെറിയ ചെറിയ തൊഴിൽ ഉടമകളാണ് പണിയെടുപ്പിക്കുന്നതെന്നുള്ളതുകൊണ്ട് ഈ കൂലി കൊടുക്കാൻ ബുദ്ധിമുട്ട് ഉണ്ടെന്നുള്ള നിലയിൽ അനാസ്ഥ കാണിക്കുന്നുണ്ട്. വലിയ വലിയ കാൺട്രാക്ടറന്മാരുടെ കീഴിലുള്ള ഏജൻസികളാണ് ഈ ചെറിയ തൊഴിലുടമകൾ. അതുകൊണ്ടാണ് ഗവണ്മെന്റ് ഒരു നടപടി സ്വീകരിക്കണമെന്ന പറഞ്ഞത്.

ശ്രീ. കെ. ടി. അച്യുതൻ : അവരുടെ കൂലിയെപ്പറ്റി ആക്ഷേപമുണ്ടെങ്കിൽ അതിനും ഇന്നതന്നെ വ്യവസ്ഥയുണ്ട്. മറ്റു കാര്യങ്ങളെപ്പറ്റി പറഞ്ഞാലേ പുതുതായി അന്വേഷിക്കേണ്ടിവരുകയുള്ളൂ.

## വിദ്യാർത്ഥികൾക്ക് അനുവദിച്ചിട്ടുള്ള ബസ്സ് ചാർജ് സൗജന്യം.

*813. [6] ശ്രീ. എം. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്കാണ് ബസ്സ് ചാർജ്ജിൽ കുറഞ്ഞ നിരക്ക് അനുവദിച്ചിട്ടുള്ളത് ;

(ബി) ദക്ഷിണഭാരത ഹിന്ദി പ്രചാരസഭയുടെ കേരളശാഖയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ഹിന്ദി വിദ്യാലയങ്ങളിലെ കുട്ടികൾക്ക് ബസ്സ് കൂലി സൗജന്യം ഇന്നു നൽകുന്നുണ്ടോ ;

(സി) ഇല്ലെങ്കിൽ അവർക്കുകൂടി സൗജന്യം നൽകാൻ ആവശ്യമായ നടപടികൾ എടുക്കുമോ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. വി. അച്യുതൻ):

(എ) വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള സ്കൂളുകൾ, കോളേജുകൾ മറ്റു അംഗീകൃതഇൻസ്റ്റിറ്റ്യൂഷനുകൾ, സാങ്കേതിക വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിന്റെ അംഗീകാരം സിദ്ധിച്ചിട്ടുള്ള സാങ്കേതിക ഇൻസ്റ്റിറ്റ്യൂട്ടുകൾ, യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള കോളേജുകൾ, ഗവണ്മെന്റംഗീകാരം സിദ്ധിച്ചിട്ടുള്ള ഇൻഡസ്ട്രീയൽ ട്രെയിനിംഗ് സെന്ററുകൾ ഇവയിൽ അദ്ധ്യയനം നടത്തുന്ന വിദ്യാർത്ഥികൾക്ക് ബസ്സ് ചാർജ്ജിൽ സൗജന്യം അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത വിദ്യാലയങ്ങൾക്ക് ഗവണ്മെന്റിന്റെ അംഗീകാരം ലഭിച്ചിട്ടില്ലാത്തതിനാൽ സൗജന്യം അനുവദിച്ചിട്ടില്ല.

(സി) 'ബി'യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എം. നാരായണക്കുറുപ്പ് : സർ, മറ്റു വിദേശീയ ഭാഷകൾ അഭ്യസിക്കുന്ന കുട്ടികൾക്ക് അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങളും സൗജന്യങ്ങളും ഇൻഡ്യാ ഗവണ്മെന്റ് ദേശീയ ഭാഷയായി അംഗീകരിച്ചിട്ടുള്ളതും രേണഘടനയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതുമായ ഹിന്ദിയെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി അനുവദിക്കാതിരിക്കുന്നതു ശരിയായിട്ടുള്ള ഒരു നടപടിയാണോ?

ശ്രീ. കെ. വി. അച്യുതൻ : അതൊരു ശരിയായ മാനദണ്ഡമല്ല. ഇക്കാര്യത്തെ സംബന്ധിച്ച് ഇതേവരെ ഒരു നിവേദനവും ഉണ്ടായിട്ടില്ല. എവിടെയെങ്കിലും ഒരു ബോർഡ് ഉണ്ട് എന്നു പറഞ്ഞു സൗജന്യം കൊടുത്തുതുടങ്ങിയാൽ ബസ്സുകളിൽ മറ്റാർക്കും സൗകര്യം കൊടുക്കാൻ സ്ഥലമുണ്ടാകുകയില്ല.

ശ്രീ. എം. നാരായണക്കുറുപ്പ് : ബോർഡ് ഉണ്ടെന്നു പറഞ്ഞു സൗജന്യം ആവശ്യപ്പെടുകയല്ല. ദക്ഷിണഭാരത ഹിന്ദിപ്രചാരസഭ നമുക്ക് സ്വാതന്ത്ര്യം

LIBRARY ARCHIVES Kerala Legislative Assembly

കിട്ടുന്നതിനു മുമ്പതന്നെ ഉത്തരവാദത്തോടുകൂടി പ്രവർത്തിച്ചിരുന്ന ഒരു സ്ഥാപനമാണു്. അതിന്റെ ഒരു ശാഖയാണു് കേരളാ ഹിന്ദി പ്രചാരസഭാ. മര്യാദയ്ക്കു നടത്തുന്ന ഈ സ്ഥാപനത്തിനു ആനുകൂല്യം കൊടുത്തില്ലെങ്കിലും ഇങ്ങനെ അവഹേളിക്കാതിരിക്കാൻ ബഹുമാനപ്പെട്ട മന്ത്രിക്കു ദയവുണ്ടാകുമോ?

ശ്രീ. കെ. ടി. അച്യുതൻ : അതിനെ സംബന്ധിച്ചു ഒരു ബഹുമാനക്കുറവില്ല. ആനുകൂല്യം ആവശ്യപ്പെട്ടുകൊണ്ടു് ഒരു നിവേദനവുണ്ടായിട്ടില്ലാ. അങ്ങനെ ഉണ്ടായിരുന്നെങ്കിൽ അതിനെപ്പറ്റി അന്വേഷിച്ചു വേണ്ടതു ചെയ്യുമായിരുന്നു എന്നുള്ള അർത്ഥത്തിലാണു് ഞാൻ പറഞ്ഞതു്.

ശ്രീ. ഒ. കോരൻ : ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ നടത്തുന്ന സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കു് ആനുകൂല്യങ്ങളും നല്കുന്നതിനെപ്പറ്റി വല്ല നിർദ്ദേശവും കൊടുത്തിട്ടുണ്ടോ?

ശ്രീ. കെ. ടി. അച്യുതൻ : അവക്കു വേറെ ജോലിയുണ്ടോ; വേറെ വരുമാനമാർഗ്ഗമുണ്ടോ എന്നൊക്കെയുള്ള വിവരം അറിയാതെ ചെയ്യാൻ നിവൃത്തിയില്ലാ എന്നു പറഞ്ഞതു അതുകൊണ്ടാണു്.

ശ്രീ. ഈ. പി. ഗോപാലൻ : ദക്ഷിണഭാരത ഹിന്ദിപ്രചാരസഭയെ കേന്ദ്രഗവണ്മെന്റു് സഹായിക്കുന്നുണ്ടു്. ഒരു വിധത്തിൽ ആ സഭയെ അംഗീകരിച്ചിട്ടുണ്ടു്. അവിടെനിന്നും പരീക്ഷ പാസ്സായി വരുന്നവരെ ആ കാര്യത്തിക്കേഷൻ സർക്കാർ അംഗീകരിച്ചിട്ടുമുണ്ടു്. ഈ നിലകളെല്ലാം പരിഗണിച്ചു് ദക്ഷിണഭാരത ഹിന്ദി വിദ്യാലയങ്ങളിലേക്കു പോകുന്ന വിദ്യാർത്ഥികൾക്കു് ഈ സൗജന്യം അനുവദിച്ചുകൊടുക്കാൻ എന്താണു വിരോധം?

ശ്രീ. കെ. ടി. അച്യുതൻ : അതിനെ സംബന്ധിച്ചു നിവേദനം ഉണ്ടായിട്ടില്ലാ. നിവേദനം ഉണ്ടാകുന്നപക്ഷം ഈ പരിഗണനകൂടിവച്ചു് വേണ്ടതു ചെയ്യുന്നതാണു്.

ശ്രീ. കെ. ആർ. വിജയൻ : ഈ സൗജന്യങ്ങളും അനുവദിച്ചു കൊടുത്തിട്ടുള്ള എത്ര വിദ്യാർത്ഥികളും ഈ സംസ്ഥാനത്തു് മൊത്തമായിട്ടുണ്ടെന്നു് കണക്കാക്കിയിട്ടുണ്ടോ?

ശ്രീ. കെ. ടി. അച്യുതൻ : അതു വലിയ ഒരു തുകയാണു്.

ശ്രീ. എം. നാരായണക്കുറുപ്പു് : ഇവിടെ ഒരു സംഗതി ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്താം. അംഗീകാരമുള്ള എല്ലാ വിദ്യാലയങ്ങൾക്കും അനുവദിച്ചിട്ടുള്ള ഈ സൗജന്യം ഇതിനു അംഗീകാരം കൊടുത്തിട്ടില്ലാ എന്നുള്ളതുകൊണ്ടാണു് കൊടുക്കാത്തതു്. പക്ഷേ അവർ അംഗീകാരത്തിനായി അപേക്ഷിച്ചപ്പോൾ 3–2–1964–ൽ വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിൽനിന്നും അവർക്കു് ഒരു കല്പന കൊടുത്തിട്ടുള്ളതു ഇതാണു്.

" With reference to your letter cited above, I may inform you that the question of giving recognition was examined and the question has been postponed for the time being."

വളരെ പ്രാവശ്യം അംഗീകാരത്തിനുവേണ്ടി അപേക്ഷിച്ചിട്ടും ഒരു ഡിപ്പാർട്ടുമെന്റു് അംഗീകാരം കൊടുക്കാതേയിരിക്കുകയാണു്. മറ്റൊരു ഡിപ്പാർട്ടുമെന്റു് അതിന്റെ തണലിൽ നിന്നുകൊണ്ടു് ഇന്നു അവർക്കു സൗജന്യം നൽകാതിരിക്കുകയുമാണു്. ഇതാണു് വസ്തുത.

ശ്രീ. കെ. ടി. അച്യുതൻ : അതു വിദ്യാഭ്യാസവകുപ്പാണു് അംഗീകാരം കൊടുക്കേണ്ടതു്. അതിനെന്തെല്ലാം ആവശ്യമുണ്ടു്, അതിൽ എന്തെല്ലാം നിബന്ധനകൾ പാലിച്ചിട്ടുണ്ടു് എന്നു അവരാണു് നോക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly